അങ്കമാലി : വിഷൻ ട്വന്റി ട്വന്റി ദ റൈറ്റ് ടു സൈറ്റ് ഇന്ത്യ ലോട്ടസ് നാഷണൽ അവാർഡ് ലിറ്റിൽ ഫ്ളവർ ആശുപത്രിക്ക്. പൊതുസമൂഹത്തിന്റെ നേത്രസംരക്ഷണത്തിന് സമഗ്ര പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് പരിഗണിച്ചാണ് അവാർഡ് ലഭിച്ചിട്ടുള്ള തെന്ന് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കളപ്പുരയ്ക്കൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. വർഗ്ഗീസ് പാലാട്ടി എന്നിവർ അറിയിച്ചു. കേരളത്തിലെ അന്ധത നിവാരണ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്ന സ്ഥാപനമാണ് ലിറ്റിൽ ഫ്ളവർ ആശുപത്രി. സാമൂഹിക നേത്രാരോഗ്യ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക നേത്ര ചികിത്സയിൽ ആവശ്യമായ ആധുനിക പരിശോധന ചികിത്സാരീതികൾ ആശുപത്രിയിൽ സജ്ജമാ ക്കുക. നേത്രപരിപാലനത്തിനായി ആവശ്യഘട്ടങ്ങളിൽ സർക്കാരിന്റെ സാമൂഹിക ആരോഗ്യ വിഭാഗത്തിന് മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾക്കും . കഴിഞ്ഞ അരനൂറ്റാണ്ടിലേറെയായി സൗജന്യ തിമിര ചികിത്സ സൗകര്യം ലക്ഷകണക്കിന് ആളുകൾക്ക് ഒരുക്കിയതും പരിഗണനയിൽ വന്നിട്ടുണ്ട്. ഇന്ത്യ യിൽ സ്വകാര്യമേഖലയിലെ ആദ്യ നേത്രബാങ്ക് ഇവിടുത്തേതാണ്. കണ്ണുകൾ ശേഖരി ക്കുന്നതിൽ ഈ നേത്രബാങ്കിന് ഇന്ത്യയിൽ രണ്ടാംസ്ഥാനമുണ്ട്. വർഷംതോറും മൂന്ന് ലക്ഷത്തോളം പേർക്ക് സൗജന്യ നേത്രചികിത്സ ക്യാമ്പിന്റെ ആനുകൂല്യം നൽകിവ രുന്നു. 2018 ലെ പ്രളയ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളും വിലയിരുത്ത പ്പെട്ടിട്ടുണ്ട്.

ലോക കാഴ്ച ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഡിജിറ്റൽ സമ്മേളനത്തിൽ ഹൈദരാബാദ് എൽ.വി. പ്രസാദ് ഐ ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ ഡോ. ജി. എൻ. റാവു പുരസ്കാരം സമ്മാനിച്ചു.

ലോകകാഴ്ച ദിനത്തോടനുബന്ധിച്ച് ഇത്തവണയും സമൂഹമാധ്യമങ്ങൾ വഴി നിരവധി ബോധവത്ക്കരണ പരിപാടികൾ എൽ.എഫ്. ആശുപത്രി സംഘടിപ്പിച്ചിരുന്നു. ഒപ്ടോ മെട്രിസ്റ്റുകൾക്കായുള്ള വെബിനാറും സംഘടിപ്പിച്ചിരുന്നു. ഇരുന്നൂറോളം പേർ ഇതിൽ പങ്കെടുത്തു.

സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരുടെ നേത്രസംരക്ഷണത്തിനായി കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഈ പുരസ്കാരം പ്രചോദനമാകുമെന്ന് ഡയ റക്ടർ ഫാ. സെബാസ്റ്റ്യൻ കളപ്പുരയ്ക്കൽ അഭിപ്രായപ്പെട്ടു.